(ഇ) സംസ്ഥാനത്ത് സ്വന്തമായി ഡീസൽ ടാങ്കില്ലാത്ത ഡിപ്പോകളിലാണ് ഡീസൽ വില വർദ്ധനമൂലം കൂടുതൽ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തെങ്കിലും ദീർഘകാല പദ്ധതി നടപ്പാക്കാൻ ഉദ്ദേശമുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി. കെ. നാണു) :

(എ) ഉണ്ട്. വിലയിരുത്തൽ നടത്തിയിട്ടുണ്ട്. പ്രതിമാസം 3 കോടി രൂപ അധിക ബാദ്ധ്യത ഉണ്ടായിട്ടുണ്ട്.

(ബി) പ്രതിവർഷം 40 കോടി രൂപ ഇതുമൂലം നഷ്ടം പ്രതീക്ഷിക്കുന്നു.

(സി) ഇല്ല.

(ഡി) ബാധകമല്ല.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നിരുന്നാലും ഇപ്പോൾ ഡീസൽ പമ്പ് സ്ഥാപിക്കാത്ത ഡിപ്പോകളിലെല്ലാം പമ്പ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഉൾനാടൻ മത്സ്യകൃഷി

14 (*275) ശ്രീ. ജോണി നെല്ലൂർ :
ശ്രീമതി കെ. ആർ. ഗൗരിയമ്മ :
ശ്രീ. ടി. എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യം വളർത്തുന്നതിനും ശാസ്ത്രീയമായി മത്സ്യബന്ധനം നടത്തുന്നതിനും എന്തെല്ലാം നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട് ;

(ബി) പുഴകളിലും നാടൻ ജലാശയങ്ങളിലും മത്സ്യം വളർത്തുന്നതിന് എന്തെങ്കിലും പ്രത്യേക പരിപാടികൾ നിലവിലുണ്ടോ ;

(സി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) മത്സ്യകൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സ്വകാര്യവ്യക്തികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ നൽകുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ?

ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. രാമകൃഷ്ണൻ) :

(എ) ഇതിനായി ജനകീയ മത്സ്യകൃഷി, സാമൂഹ്യ മത്സ്യകൃഷി, ജലസംഭരണികളിലെ മത്സ്യകൃഷി എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പുഴകളിലും മറ്റു തുറസ്സായ ശുദ്ധജലപ്രദേശങ്ങളിലും കാർപു മത്സ്യകുഞ്ഞുങ്ങളെ വിതയ്ക്കുന്ന സാമൂഹ്യമത്സ്യകൃഷി പദ്ധതി നടപ്പാക്കിവരുന്നു. പ്രസ്തുത പദ്ധതിപ്രകാരം 97-98-ൽ ആറു ജില്ലകളിലായി പുഴകളിലും മറ്റു ശുദ്ധജല പ്രദേശങ്ങളിലും 22,50,000 മത്സ്യ കുഞ്ഞുങ്ങളെയും 98-99-ൽ 34,00,000 മത്സ്യ കുഞ്ഞുങ്ങളെയും 99-2000-ൽ 51,17,233 മത്സ്യ കുഞ്ഞുങ്ങളെയും നിക്ഷേപിക്കുകയുണ്ടായി.

(ഡി) 1. ജനകീയ മത്സ്യകൃഷി പദ്ധതിപ്രകാരം പഞ്ചായത്തുകൾ വഴി മത്സ്യകർഷകരെ തെരഞ്ഞെടുത്ത് അവർക്ക് മത്സ്യകൃഷി ചെയ്യുന്നതിന് ആവശ്യമായ മത്സ്യ കുഞ്ഞുങ്ങളെ നൽകുന്നുണ്ട്.

2. മത്സ്യകൃഷിക്ക് വേണ്ട കുളം തയ്യാറാക്കുന്നതിന് റിക്ലമേഷൻ ലോൺ ഇനത്തിൽ ഹെക്ടറിന് 60,000 രൂപ തോതിൽ ബാങ്ക് വായ്പ ലഭ്യമാക്കുന്നു. വായ്പയുടെ 20% (പട്ടികജാതി/ പട്ടികവർഗ്ഗത്തിൽപ്പെട്ട കർഷകർക്ക് 25%) മത്സ്യ കർഷക വികസന ഏജൻസി മുഖേന സബ്സിഡിയായി നൽകുന്നു. കൂടാതെ കൃഷിക്കുവേണ്ടി ആവർത്തന ചെലവുകൾക്കായി ഇൻപുട്ട് ലോൺ ഇനത്തിൽ ഹെക്ടറിന് 30,000 രൂപ തോതിൽ ബാങ്ക് വായ്പ ലഭ്യമാക്കുന്നു. ഇതിന്റെ 20% എല്ലാ കർഷകർക്കും (പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് 25%) സബ്സിഡിയായി നൽകുന്നു.

3. പുതുതായി കുളം നിർമ്മിക്കുന്നതിന് ഹെക്ടറിന് 2 ലക്ഷം രൂപ പ്രകാരം വായ്പ ലഭ്യമാക്കുകയും വായ്പയുടെ 20% എല്ലാ കർഷകർക്കും, പട്ടികജാതി പട്ടികവർഗ്ഗകാർക്ക് 25% വും സബ്സിഡിയായി നൽകുന്നു.

4. സംയോജിത മത്സ്യകൃഷി പദ്ധതിപ്രകാരം ഒരു ഹെക്ടറിന് 80,000 രൂപ വായ്പ ലഭ്യമാക്കുകയും 16,000 രൂപ എല്ലാ കർഷകർക്കും, 20,000 രൂപ പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട കർഷകർക്കും സബ്സിഡിയായി നൽകി വരുന്നു.

5. ഒരു ഹെക്ടർ സ്ഥലത്ത് മത്സ്യകൃഷി നടത്തുന്നവർക്ക് ഒരു എച്ച്.പി. യുടെ 2 ഏയ്റേറ്റർ, 15 എച്ച്.പി. യുടെ ഡീസൽ പമ്പ് എന്നിവ വാങ്ങുന്നതിനായി 50,000 രൂപാ ബാങ്ക് വായ്പ ലഭ്യമാകുന്നു. ഒരു ഹെക്ടറിൽ നിന്ന് ഒരു കൊല്ലത്തേക്ക് 3000 കിലോ മത്സ്യം പിടിക്കുന്നവർക്ക് വായ്പയുടെ 25% സബ്സിഡി നൽകുന്നു.

6. ശുദ്ധജല മത്സ്യവിത്തുല്പാദന കേന്ദ്രം തുടങ്ങുന്നതിന് 10 മില്യൻ മത്സ്യകുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കുന്ന ഹാച്ചറിക്ക് 8 ലക്ഷം രൂപ ബാങ്ക് വായ്പ ലഭ്യമാക്കുകയും പരമാവധി 10% സബ്സിഡി നൽകുകയും ചെയ്യുന്നു.

7. മത്സ്യത്തീറ്റ നിർമ്മാണത്തിന് കെട്ടിടം, യന്ത്രസാമഗ്രികൾ എന്നിവയ്ക്കായി 25 ലക്ഷം രൂപ ബാങ്ക് വായ്പ ലഭ്യമാക്കുന്നു. ഇതിന് 20% സബ്സിഡിയായി നൽകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

8. കർഷകർക്ക് മത്സ്യകൃഷിയിൽ പ്രായോഗിക പരിശീലനം നൽകുന്നു.

9. കൃഷിക്കാലത്തുടനീളം കർഷകർക്കാവശ്യമായ സാങ്കേതിക സഹായം ലഭ്യമാക്കുന്നു.

10. മത്സ്യ വിത്തുല്പാദനത്തിൽ തല്പരരായവരെ കണ്ടെത്തി അവർക്ക് മത്സ്യവിത്ത് റിയറിനിൽ പരിശീലനം നൽകുകയും സാങ്കേതിക സഹായം നൽകുകയും ചെയ്യുന്നു.

ലോകബാങ്ക് പദ്ധതി പ്രകാരം വനം വകുപ്പിൽ നടക്കുന്ന പ്രവർത്തനങ്ങൾ

15 (*276) ശ്രീ. പി. ജെ. ജോയി :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. പാലോട് രവി :
ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോകബാങ്ക് പദ്ധതിപ്രകാരം വനം വകുപ്പിന്റെ കീഴിൽ ഇപ്പോൾ ഏതൊക്കെ പ്രവർത്തനങ്ങളാണ് നടന്നുവരുന്നത് ;

(ബി) ഇവ എന്നു മുതൽ ആരംഭിച്ചു ;

(സി) ഇവയുടെ ലക്ഷ്യം, പൂർത്തീകരണം ഇവ സംബന്ധിച്ച വിശദവിവരം നൽകുമോ :

(ഡി) വനങ്ങളുടെയും വനത്തോട്ടങ്ങളുടേയും വിഭവശേഷി മനസിലാക്കാൻ ഇപ്പോൾ ഉള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി. കെ. നാണു) :

(എ) ലോകബാങ്ക് സഹായത്തോടെ വനം വകുപ്പിന്റെ കീഴിൽ 'കേരളാ ഫോറസ്ട്രി പ്രോജക്ട്' 'ഇന്ത്യാ ഇക്കോ ഡെവലപ്മെന്റ് പ്രോജക്ട്' എന്നീ പദ്ധതികൾ നടപ്പാക്കി വരുന്നു. കേരള ഫോറസ്ട്രി പ്രോജക്ട് പ്രകാരം പ്രധാനമായും സ്വാഭാവിക വനം അഭിവൃദ്ധിപ്പെടുത്തൽ, ജൈവ വൈവിദ്ധ്യ സംരക്ഷണം, പങ്കാളിത്ത വനപരിപാലനം, വ്യവസായിക തോട്ടങ്ങൾ വച്ചു പിടിപ്പിക്കൽ, മെച്ചപ്പെട്ട നടീൽ വസ്തുക്കളുടെ ഉല്പാദനം, വനവിജ്ഞാന വ്യാപനം, കാട്ടുതീ തടയൽ, സ്ഥാപന വികസനവും മാനവശേഷി വികസനവും എന്നിവയ്ക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളാണ് നടപ്പിലാക്കി വരുന്നത്. ഇന്ത്യ ഇക്കോ ഡെവലപ്മെന്റ് പ്രോജക്ട് പ്രകാരം പെരിയാർ ടൈഗർ റിസർവ്വിലെ ജൈവ വൈവിദ്ധ്യ സംരക്ഷണത്തിനും, വികസനത്തിനുമുതകുന്ന പ്രവർത്തനങ്ങളുമാണ് നടപ്പിലാക്കി വരുന്നത്.

(ബി) കേരളാ ഫോറസ്ട്രി പ്രോജക്ട് 1998 ആഗസ്റ്റ് മാസത്തിലും, ഇന്ത്യ ഇക്കോ ഡെവലപ്മെന്റ് പ്രോജക്ട് 1996 ഡിസംബർ മാസത്തിലും ആരംഭിച്ചു.

LIBRARY ARCHIVES Kerala Legislative Assembly